**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 286** — **01-02-2023 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽ ഉൾപ്പെട്ട അനർഹർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരായവരെ കണ്ടെത്തുന്നത് എങ്ങനെയെന്ന് അറിയിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ് ഡേറ്റാ മാപ്പിംഗ് നടത്തുന്നു.<br><br>2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.<br><br>3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.<br><br>5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.<br><br>6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നത് വഴി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ.<br><br>7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി **Operation Yellow** എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി വകുപ്പിന്റെ 24x7 പ്രവർത്തിക്കുന്ന മൊബൈൽ നമ്പറിലും (9188527301) 1967 എന്ന ടോൾഫ്രീ നമ്പറിലും അനർഹരെക്കുറിച്ചുള്ള വിവരങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 8. താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് ലഭിക്കുന്ന പരാതികളിന്മേലും ഫീൽഡ് തല പരിശോധനയിലൂടെയും അന്വേഷണം നടത്തി അനർഹരെ കണ്ടെത്തി ഒഴിവാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ